ഉത്തരം

(എ) മലമ്പുഴ ഗസ്റ്റ്ഹൗസിലെ വെയിറ്റർ ശ്രീ. റ്റി. സി. ബേബിക്ക് അനുവദിച്ചിട്ടുള്ള ക്വാർട്ടേഴ്സ് വാടകയ്ക്ക് കൊടുത്തതായി പരാതി ടൂറിസം വകുപ്പു ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) മലമ്പുഴ ഗസ്റ്റ്ഹൗസിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ക്വാർട്ടേഴ്സ് പൊതുമരാമത്ത് വകുപ്പിന്റെ വകയാണ്. ശ്രീ. റ്റി. സി. ബേബിയെക്കുറിച്ചുള്ള പരാതി വേണ്ട നടപടികൈക്കൊള്ളുന്നതിനായി പാലക്കാട് പൊതുമരാമത്തു വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ടൂറിസം ഡയറക്ടർ 14-5-1986-ൽ അയച്ചു കൊടുത്തിട്ടുണ്ട്.

ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ

1130 [2061] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന് ഇപ്പോൾ എത്ര സ്ഥലവും കെട്ടിടങ്ങളും ഉണ്ട്;

(ബി) ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആസ്തി-ബാദ്ധ്യതകൾ 31-5-1986-ൽ എത്രയാണ്?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന് വിവിധ പ്രദേശങ്ങളിലായി ഉള്ള സ്ഥലത്തിന്റെയും കെട്ടിടങ്ങളുടെയും വിവരം താഴെക്കൊടുക്കുന്നു.

		സ്ഥലത്തിന്റെ വിവരം	കെട്ടിടത്തിന്റെ വിവരം
1.	തിരുവനന്തപുരത്ത് വഴുതക്കാട്	35 സെന്റ്	ഹെഡ്ഡാഫീസും മിനി തിയേറ്ററും
2.	തിരുവനന്തപുരത്ത് തമ്പാനൂർ	73 സെന്റ്	ഇരട്ട തിയേറ്റർ (നിർമ്മാണം അവസാനഘട്ടത്തിൽ)
3.	തിരുവനന്തപുരത്ത് തിരുവല്ലം	72.96 ഏക്കർ	സ്റ്റുഡിയോ കോംപ്ലക്സ്
4.	ചേർത്തല	61 സെന്റ്	ചിത്രാഞ്ജലി തിയേറ്റർ
5.	വടക്കൻപറവൂർ	50 സെന്റ്	പൂർത്തിയാകാത്ത തിയേറ്റർ (നിർമ്മാണപ്രവർത്തനം നിറുത്തിവച്ചിരിക്കുന്നു)
6.	പാലക്കാട് ചിറ്റൂർ	38 സെന്റ്	പൂർത്തിയാകാത്ത തിയേറ്റർ (നിർമ്മാണപ്രവർത്തനം നിറുത്തിവച്ചിരിക്കുന്നു)
7.	കോഴിക്കോട്	41.7 സെന്റ്	ഇരട്ട തിയേറ്റർ (നിർമ്മാണം അവസാനഘട്ടത്തിൽ)
8.	ആലപ്പുഴ	75 സെന്റ്	ഇല്ല
9.	തൃശൂർ	57.7 സെന്റ്	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫിഷിംഡവലപ്പ്മെന്റ് കോർപ്പറേഷന്റെ 31–5–1986 വരെയുള്ള ആസ്തി—ബാദ്ധ്യതകളും താൽക്കാലികമായി താഴെ പറയും പ്രകാരം കണക്കാക്കിയിട്ടുണ്ട്.

ആസ്തി 605 ലക്ഷം രൂപ
ബാദ്ധ്യത 1010 ലക്ഷം രൂപ

ഇവ ആഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത കണക്കാണ്.

വിദേശങ്ങളിൽനിന്നും വാങ്ങിയ മൽസ്യക്കുഞ്ഞുങ്ങൾ

1131 [2062] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യസമ്പത്ത് സമ്പുഷ്ടമാക്കാനും പുതിയതരം മൽസ്യങ്ങളെ വളർത്താനും കേന്ദ്ര സഹായത്തോടുകൂടി 1979–ൽ മലമ്പുഴ, ചുള്ളിയാർ, പോത്തുണ്ടി, മംഗലം, വാളയാർ തുടങ്ങിയ വിവിധ ഡാമുകളിൽ മൽസ്യം വളർത്തൽപരിപാടി തുടങ്ങിയിരുന്നുവോ;

(ബി) ഇതിലേക്കായി വിദേശങ്ങളിൽനിന്ന് മൽസ്യക്കുഞ്ഞുങ്ങളെ വരുത്തി വളർത്തിയിരുന്നുവോ;

(സി) എങ്കിൽ 7–7–1986 വരെ കൊണ്ടുവന്ന കുഞ്ഞുങ്ങളുടെ എണ്ണം എത്ര;

(ഡി) അതിൽ ചാകാതെയുള്ള കുഞ്ഞുങ്ങളുടെ എണ്ണം എത്ര;

(ഇ) അതിനായി ചെലവഴിച്ച സംഖ്യ എത്ര;

(എഫ്) ഇക്കാര്യത്തിനായി സംസ്ഥാനം 7–7–1986 വരെ എത്ര സംഖ്യ ചെലവഴിച്ചു;

(ജി) 7–7–1986 വരെ മൽസ്യങ്ങളെ വിറ്റ വകയിൽ എത്ര സംഖ്യ വരവുണ്ടായി?

ഉത്തരം

(എ) മലമ്പുഴ, ചുള്ളിയാർ, പോത്തുണ്ടി, മംഗലം, വാളയാർ തുടങ്ങിയ വിവിധ ഡാമുകളിൽ മൽസ്യം വളർത്തൽ പരിപാടി 1978 മുതൽ തുടങ്ങിയിട്ടുണ്ട്. എന്നാൽ ഈ പരിപാടിക്ക് യാതൊരുവിധമായ കേന്ദ്ര സഹായവും ലഭിച്ചിട്ടില്ല.

(ബി) ഇതിലേക്ക് വിദേശങ്ങളിൽനിന്ന് മൽസ്യക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടില്ല.

(സി, ഡി, ഇ, എഫ്, ജി) ചോദ്യം ഉദിക്കുന്നില്ല.

ചെമ്മീൻകൃഷിക്ക് ലഭിക്കുന്ന കേന്ദ്ര സഹായം

1132 [2063] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറുനാടൻകൃഷിക്ക് പൊതുവായും ചെമ്മീൻകൃഷിക്ക് പ്രത്യേകമായും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly